
Sunday
Vol. 12 No. 44 CYCLE - A
വെർബും ദോമിനി
VERBUM DOMINI
ഞായറാഴ്ച ദിവ്യബലിയിലെ സജീവ പങ്കാളിത്തത്തിന് സഹായിക്കുന്ന ലഘുലേഖ
2023 സെപ്റ്റംബർ 17 ആണ്ടുവട്ടത്തിലെ ഇരുപത്തിനാലാം ഞായർ

# കരുണയും ക്ഷമയും ജീവിതപാഠമാക്കാം

ഫാ. ഷാജൻ ജോസഫ് കുന്നുങ്കൽത്തറ PMI



**ദൈ**വത്തിന്റെ അനന്തമായ കരുണക്കടലിൽ മുങ്ങി ഒടുവിൽ കരുണയായി മാറുവാൻ യേശുവിന്റെ സുവിശേഷം നമ്മെ സ്വാഗതം ചെയ്യുന്നു. നമ്മിൽ പലരും പലതരം കണക്കുകൾ സൂക്ഷിക്കുന്നവരാണ്. സാമ്പത്തികമായ കണക്കുകളല്ല പ്രധാനമായും നാം സൂക്ഷിക്കുക. നമ്മെ വ്രണപ്പെടുത്തിയവരുടെ, പരിഹസിച്ചവരുടെ, അവഹേളിച്ചവരുടെ, വിമർശിച്ചവരുടെ, കുറ്റപ്പെടുത്തിയവരുടെ, അവഗണിച്ചവരുടെ, തെറ്റിദ്ധരിച്ചവരുടെ, നമ്മുടെ നന്മ കാണാതെ പോയവരുടെ, വാക്കുകൾ കൊണ്ടും പ്രവൃത്തികൾ കൊണ്ടും വേദനിപ്പിച്ചവരുടെയെല്ലാം കണക്കുകൾ സൂക്ഷിക്കുന്നവർ ഇന്ന് ധാരാളമായി നമ്മുടെ സമൂഹത്തിലുണ്ട്. എന്നാൽ ഇവരോടെല്ലാം ക്ഷമിക്കുവാൻ കഴിയുക എന്നത് ജീവിതത്തിന്റെ വിവിധ ഘട്ടങ്ങളിൽ ആവശ്യമായി വരുന്ന അമൂല്യമായ ഒരു ഔഷധമാണ്, ദൈവീക ദാനമാണ്. മനുഷ്യശരീരത്തെയും മനസ്സിനെയും ബാധിക്കുന്ന പലവിധ രോഗങ്ങൾക്കുമുള്ള ഒറ്റമൂലിയാണ് ക്ഷമ എന്നത്. വിവിധ തരം ക്ഷമകൾ ഉണ്ട്.

1. **വാക്കുകൾ കൊണ്ടുള്ള ക്ഷമ**: മനോഹരമായ സംസാരരീതിയിലൂടെയും, മാന്യമായ ഇടപെടലിലൂടെയും മറ്റുള്ളവരെ സ്വാധീനിക്കാൻ കഴിയുന്നവർ ധാരാളമുണ്ട്. ഒപ്പം പ്രതിസന്ധികളിലും, തകർച്ചകളിലും, തെറ്റുകളിലും വാക്കുകൾ കൊണ്ട് മാത്രം കരുണയും ക്ഷമയും പ്രകടിപ്പിക്കുന്നവരുമുണ്ട്. എന്നാൽ പ്രവൃത്തികളിലൂടെ കരുണയോ, അനുകമ്പയോ, ക്ഷമയോ പ്രകടിപ്പിക്കുവാൻ ഇക്കൂട്ടർ തയ്യാറല്ല.

2. **മനസ്സുകൊണ്ടുള്ള ക്ഷമ**: കരുണയും, ക്ഷമയും ജീവിതത്തിന്റെ ഭാഗമാക്കിയെങ്കിലും, പ്രതിസന്ധികളും, ഞെരുക്കങ്ങളും ജീവിതത്തിലേക്ക് കടന്നുവരുമ്പോൾ വീണ്ടും മറ്റുള്ളവരുടെ കുറവുകളെയും വീഴ്ചകളെയുംപറ്റി ഓർക്കുകയും, പ്രതികാരത്തോടും വൈരാഗ്യബുദ്ധിയോടും കൂടെ അവർക്കെതിരെ തിരിയുകയും, പ്രവർത്തിക്കുകയും ചെയ്യുന്നവരാണിവർ.

3. **ഹൃദയം കൊണ്ടുള്ള ക്ഷമ**: എത്രയധികം സഹനങ്ങളിലൂടെയും നഷ്ടങ്ങളിലൂടെയും കടന്നുപോകുമ്പോഴും തങ്ങളെ വേദനിപ്പിച്ചവരോട് ഹൃദയപൂർവ്വം ക്ഷമിക്കുന്നവരാണിവർ. പിന്നീട് ഒരിക്കലും ആ കാര്യങ്ങളെക്കുറിച്ച് ഓർക്കുവാനോ, മറ്റുള്ളവരെ ദ്രോഹിക്കുവാനോ തയ്യാറാകാത്തവർ. ഇവരാണ് ദൈവത്തിന്റെ കരുണയുടെ വക്താക്കൾ. കരുണ കാണിക്കുക എന്നത് മഹത്തായ കർമ്മവും, വിശുദ്ധമായ കർത്തവ്യവുമാണ്.

സകലതും സർവ്വശക്തനായ ദൈവത്തിന്റെ ദാനമാണ്. കാരുണ്യവാനായ അവന്റെ ഔദാര്യം മാത്രമാണ് മനുഷ്യ ജീവിതത്തിലെ സകല നന്മകളും എന്ന് തിരിച്ചറിയുന്നവരാണ് ഈ ലോകത്തിലെ ഭാഗ്യവാന്മാർ. എത്രയോ അധികം തെറ്റുകുറ്റങ്ങളും, കുറവുകളും പോരായ്മകളും നന്ദികേടുമെല്ലാം നമ്മുടെ ഭാഗത്ത് നിന്നും ഉണ്ടായിട്ടും അതൊന്നും തെല്ലുപോലും ഗൗനിക്കാതെ, അന്നും ഇന്നും തന്റെ കരുണയും ഔദാര്യവും ഉദാരമായി നമ്മുടെമേൽ ചൊരിയുന്ന സ്വർഗ്ഗീയ പിതാവിന്റെ മക്കളാകാൻ തീർച്ചയായും നാം കരുണയുള്ളവർ ആകേണ്ടിയിരിക്കുന്നു. പ്രതികാരം ചെയ്യുന്നവനോട് കർത്താവും പ്രതികാരം ചെയ്യും അവിടുന്ന് അവന്റെ പാപങ്ങളും, അകൃത്യങ്ങളും മറക്കുകില്ല. നമ്മുടെ യോഗ്യതകൾ കൊണ്ടല്ല ദൈവത്തിന്റെ അനന്തമായ കരുണ ഒന്നുകൊണ്ടു മാത്രമാണ് നമ്മുടെ ജീവിതത്തിലെ ഓരോ നിമിഷവും കടന്നു പോകുന്നതെന്ന ബോധ്യം നമുക്കുണ്ടാകണം. അവിടുത്തെ കരുണ സ്വീകരിച്ചവരൊക്കെ അന്യോന്യം കരുണ പങ്കുവയ്ക്കുവാൻ കടപ്പെട്ടവരാണെന്ന തിരിച്ചറിവിൽ ദൈവത്തിന്റെ ദിവ്യകാരുണ്യം സ്വീകരിക്കുന്ന നാം ഓരോരുത്തരിൽ നിന്നും എന്നും കാരുണ്യം പ്രവഹിക്കട്ടെ. അതുവഴി ലോകത്തിന്റെ മുഖം കരുണയുടേതായി മാറട്ടെ.

**ആമുഖം** പ്രിയമുള്ളവരെ, ഇന്നത്തെ സുവിശേഷത്തിൽ നിർദയനായ ഭൃത്യന്റെ ഉപമ പറഞ്ഞുകൊണ്ട് തെറ്റു ചെയ്യുന്ന സഹോദരനോട് ക്ഷമിക്കേണ്ടത് എപ്രകാരമാണെന്ന് യേശുനാഥൻ നമ്മെ പഠിപ്പിക്കുന്നു. സഹോദരനോട് ഹൃദയപൂർവ്വം ക്ഷമിച്ചില്ലെങ്കിൽ സ്വർഗ്ഗസ്ഥനായ പിതാവ് നമ്മോടും ക്ഷമിക്കില്ലെന്ന് യേശു നമ്മെ ഓർമ്മിപ്പിക്കുന്നു. ആയതിനാൽ സഹോദരങ്ങളോട് ക്ഷമിക്കാൻ സാധിക്കാതെ പോയ അവസരങ്ങളെ ഓർത്ത് കർത്താവിനോട് മാപ്പ് ചോദിക്കാം. ദൈവം നമ്മിലേയ്ക്ക് ചൊരിയുന്ന കരുണ നമ്മുടെ സഹോദരങ്ങളിലേയ്ക്കും പകർന്നു നൽകാം. അങ്ങനെ പരസ്പരം കരുണയുള്ളവരായി ജീവിക്കാൻ വേണ്ട കൃപാവരത്തിനായി പ്രാർത്ഥിച്ചുകൊണ്ട് ബലിയർപ്പണത്തിനായി നമുക്കൊരുങ്ങാം.

## ഒന്നാം വായന

### പ്രഭാഷകന്റെ പുസ്തകത്തിൽ നിന്ന് (27 : 30 - 28 : 7)

*(അയൽക്കാരന്റെ തിൻമകൾ ക്ഷമിച്ചാൽ നീ പ്രാർഥിക്കുമ്പോൾ നിന്റെ പാപങ്ങളും ക്ഷമിക്കപ്പെടും)*

കോപവും ക്രോധവും മ്ലേച്ഛമാണ്; അവ എപ്പോഴും ദുഷ്ടനോടുകൂടെയുണ്ട്. തെറ്റുകൾ ക്ഷമിക്കുക. പ്രതികാരം ചെയ്യുന്നവനോട് കർത്താവ് പ്രതികാരം ചെയ്യും; അവിടുന്ന് അവൻെറ പാപം മറക്കുകയില്ല. അയൽക്കാരൻെറ തിൻമകൾ ക്ഷമിച്ചാൽ നീ പ്രാർഥിക്കുമ്പോൾ നിൻെറ പാപങ്ങളും ക്ഷമിക്കപ്പെടും. അയൽക്കാരനോടു പക വച്ചുപുലർത്തുന്നവന് കർത്താവിൽ നിന്നു കരുണ പ്രതീക്ഷിക്കാമോ? തന്നെപ്പോലെയുള്ളവനോടു കരുണ കാണിക്കാത്തവൻ പാപമോചനത്തിനുവേണ്ടി പ്രാർഥിക്കുന്നതെങ്ങനെ? മർത്ത്യൻ വിദ്വേഷം വച്ചുകൊണ്ടിരിക്കുന്നെങ്കിൽ അവൻെറ പാപങ്ങൾക്ക് ആര് പരിഹാരം ചെയ്യും? ജീവിതാന്തം ഓർത്ത് ശത്രുത അവസാനിപ്പിക്കുക; നാശത്തെയും മരണത്തെയും ഓർത്ത് കൽപനകൾ പാലിക്കുക. കൽപനകളനുസരിച്ച് അയൽക്കാരനോടു കോപിക്കാതിരിക്കുക; അത്യുന്നതൻെറ ഉടമ്പടി അനുസ്മരിച്ച് മറ്റുള്ളവരുടെ കുറ്റങ്ങൾ അവഗണിക്കുക.

കർത്താവിന്റെ വചനം.

## പ്രതിവചനസങ്കീർത്തനം

### (103 : 1-2, 3-4, 9-10, 11-12)

**കർത്താവ് ആർദ്രഹൃദയനും കാരുണ്യവാനുമാണ്; ക്ഷമാശീലനും സ്നേഹനിധിയും ആണ്.**

എൻെറ ആത്മാവേ, കർത്താവിനെ വാഴ്ത്തുക! എൻെറ അന്തരംഗമേ, അവിടുത്തെ വിശുദ്ധനാമത്തെ പുകഴ്ത്തുക. എൻെറ ആത്മാവേ, കർത്താവിനെ വാഴ്ത്തുക; അവിടുന്നു നൽകിയ അനുഗ്രഹമൊന്നും മറക്കരുത്.

**കർത്താവ്, ആർദ്രഹൃദയനും.......**

അവിടുന്നു നിൻെറ അകൃത്യങ്ങൾ ക്ഷമിക്കുന്നു; നിൻെറ രോഗങ്ങൾ സുഖപ്പെടുത്തുന്നു. അവിടുന്നു നിൻെറ ജീവനെ പാതാളത്തിൽനിന്നു രക്ഷിക്കുന്നു; അവിടുന്നു സ്നേഹവും കരുണയുംകൊണ്ടു നിന്നെ കിരീടമണിയിക്കുന്നു.

**കർത്താവ്, ആർദ്രഹൃദയനും.......**

അവിടുന്ന് എപ്പോഴും ശാസിക്കുകയില്ല; അവിടുത്തെ കോപം എന്നേക്കും നിലനിൽക്കുകയില്ല. നമ്മുടെ പാപങ്ങൾക്കൊത്ത് അവിടുന്നു നമ്മെ ശിക്ഷിക്കുന്നില്ല; നമ്മുടെ അകൃത്യങ്ങൾക്കൊത്തു നമ്മോടു പകരംചെയ്യുന്നില്ല.

**കർത്താവ്, ആർദ്രഹൃദയനും.......**

ഭൂമിക്കുമേൽ ഉയർന്നിരിക്കുന്ന ആകാശത്തോളം ഉന്നതമാണു തൻെറ ഭക്തരോട് അവിടുന്നു കാണിക്കുന്ന കാരുണ്യം. കിഴക്കും പടിഞ്ഞാറും തമ്മിൽ ഉള്ളത്ര അകലത്തിൽ നമ്മുടെ പാപങ്ങളെ അവിടുന്നു നമ്മിൽനിന്ന് അകറ്റിനിർത്തി.

**കർത്താവ്, ആർദ്രഹൃദയനും.......**

## രണ്ടാം വായന

### വി. പൗലോസ് അപ്പസ്തോലൻ റോമാക്കാർക്ക് എഴുതിയ ലേഖനത്തിൽനിന്ന് (14 : 7-9)

*(ജീവിച്ചാലും മരിച്ചാലും നാം കർത്താവിനുള്ളവരാണ്)*

സഹോദരരേ, നമ്മിലാരും തനിക്കുവേണ്ടിമാത്രം ജീവിക്കുന്നില്ല; തനിക്കുവേണ്ടിമാത്രം മരിക്കുന്നുമില്ല. നാം ജീവിക്കുന്നുവെങ്കിൽ കർത്താവിനു സ്വന്തമായി ജീവിക്കുന്നു; മരിക്കുന്നുവെങ്കിൽ കർത്താവിനു സ്വന്തമായി മരിക്കുന്നു. ആകയാൽ, ജീവിച്ചാലും മരിച്ചാലും നാം കർത്താവിനുള്ളവരാണ്. എന്തെന്നാൽ, മരിച്ചവരുടെയും ജീവിക്കുന്നവരുടെയും കർത്താവായിരിക്കുന്നതിനുവേണ്ടിയാണ് ക്രിസ്തു മരിച്ചതും പുനർജീവിച്ചതും.

കർത്താവിന്റെ വചനം.

## അല്ലേലൂയാ!

**അല്ലേലൂയാ!** (Jn. 13 : 34) കർത്താവ് അരുളിച്ചെയ്യുന്നു: ഞാൻ പുതിയൊരു കൽപന നിങ്ങൾക്കു നൽകുന്നു. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ - അല്ലേലൂയാ!

## സുവിശേഷം

## മത്തായിയുടെ വിശുദ്ധ സുവിശേഷത്തിൽനിന്നുള്ള വായന (18 : 21 - 35)

*(ഏഴെന്നല്ല, ഏഴ് എഴുപതു പ്രാവശ്യം എന്നു ഞാൻ നിന്നോടു പറയുന്നു)*

അക്കാലത്ത്, പത്രോസ് മുന്നോട്ടു വന്ന് യേശുവിനോടു ചോദിച്ചു: കർത്താവേ, എന്നോടു തെറ്റുചെയ്യുന്ന എൻെറ സഹോദരനോടു ഞാൻ എത്ര പ്രാവശ്യം ക്ഷമിക്കണം? ഏഴു പ്രാവശ്യമോ? യേശു അരുളിച്ചെയ്തു: ഏഴെന്നല്ല, ഏഴ് എഴുപതു പ്രാവശ്യം എന്നു ഞാൻ നിന്നോടു പറയുന്നു. സ്വർഗരാജ്യം, തൻെറ സേവകൻമാരുടെ കണക്കു തീർക്കാൻ ആഗ്രഹിച്ച ഒരു രാജാവിനു സദൃശം. കണക്കു തീർക്കാനാരംഭിച്ചപ്പോൾ, പതിനായിരം താലന്ത് കടപ്പെട്ടിരുന്ന ഒരുവനെ അവർ അവൻെറ മുമ്പിൽ കൊണ്ടുവന്നു. അവന് അതു വീട്ടാൻ നിർവാഹമില്ലാതിരുന്നതുകൊണ്ട് അവനെയും ഭാര്യയെയും മക്കളെയും അവൻെറ സമസ്ത വസ്തുക്കളെയും വിറ്റു കടം വീട്ടാൻ യജമാനൻ കൽപിച്ചു. അപ്പോൾ സേവകൻ വീണു നമസ്കരിച്ചുകൊണ്ടു പറഞ്ഞു: പ്രഭോ, എന്നോടു ക്ഷമിക്കണമേ! ഞാൻ എല്ലാം തന്നുവീട്ടിക്കൊള്ളാം. ആ സേവകൻെറ യജമാനൻ മനസ്സലിഞ്ഞ് അവനെ വിട്ടയയ്ക്കുകയും കടം ഇളച്ചുകൊടുക്കുകയും ചെയ്തു. അവൻ പുറത്തിറങ്ങിയപ്പോൾ, തനിക്കു നൂറു ദനാറ നൽകാനുണ്ടായിരുന്ന തൻെറ സഹസേവകരിലൊരുവനെ കണ്ടുമുട്ടി. അവൻെറ കഴുത്തു പിടിച്ചു ഞെരിച്ചുകൊണ്ട് അവൻ പറഞ്ഞു: എനിക്ക് തരാനുള്ളതു തന്നുതീർക്കുക. അപ്പോൾ ആ സഹസേവകൻ അവനോട് വീണപേക്ഷിച്ചു: എന്നോടു ക്ഷമിക്കണമേ! ഞാൻ തന്നു വീട്ടിക്കൊള്ളാം. എന്നാൽ, അവൻ സമ്മതിച്ചില്ല. കടം വീട്ടുന്നതുവരെ സഹസേവകനെ അവൻ കാരാഗൃഹത്തിലിട്ടു. സംഭവിച്ചതറിഞ്ഞ് മറ്റു സേവകൻമാർ വളരെ സങ്കടപ്പെട്ടു. അവർ ചെന്ന് നടന്നതെല്ലാം യജമാനനെ അറിയിച്ചു. യജമാനൻ അവനെ വിളിച്ചു പറഞ്ഞു: ദുഷ്ടനായ സേവകാ, നീ എന്നോടു കേണപേക്ഷിച്ചതുകൊണ്ടു നിൻെറ കടമെല്ലാം ഞാൻ ഇളച്ചുതന്നു. ഞാൻ നിന്നോടു കരുണ കാണിച്ചതുപോലെ നീയും നിൻെറ സഹസേവകനോടു കരുണ കാണിക്കേണ്ടതായിരുന്നില്ലേ? യജമാനൻ കോപിച്ച് കടം മുഴുവൻ വീട്ടുന്നതുവരെ അവനെ കാരാഗൃഹാധികൃതർക്ക് ഏൽപിച്ചുകൊടുത്തു. നിങ്ങൾ സഹോദരനോടു ഹൃദയപൂർവം ക്ഷമിക്കുന്നില്ലെങ്കിൽ എൻെറ സ്വർഗസ്ഥനായ പിതാവ് നിങ്ങളോടും ഇതുപോലെതന്നെ പ്രവർത്തിക്കും.

കർത്താവിന്റെ സുവിശേഷം.

## വിശ്വാസികളുടെ പ്രാർത്ഥന

തയ്യാറാക്കിയത് : സി. ടീന OHFS

**കാർമ്മികൻ** : പ്രിയ സഹോദരരെ, സഹോദരങ്ങളോട് ഹൃദയപൂർവ്വം ക്ഷമിക്കുവാൻ നമ്മോട് ആവശ്യപ്പെടുന്ന കാരുണ്യവാനായ ദൈവത്തിന്റെ മുമ്പിൽ നമ്മുടെ എളിയ പ്രാർത്ഥനകളും, യാചനകളും സമർപ്പിക്കാം.

1. നല്ല ദൈവമേ, അങ്ങയുടെ മൗതീക ശരീരമായ തിരുസഭയെ നയിക്കുന്ന പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പയെയും, ഞങ്ങളുടെ രൂപതാദ്ധ്യക്ഷൻ .......... പിതാവിനെയും, ഞങ്ങളുടെ ഇടവകയെ നയിക്കുന്ന ......... അച്ചനെയും, മറ്റെല്ലാ സഭാപാലകരെയും അങ്ങെ കരങ്ങളിൽ സമർപ്പിക്കുന്നു. ദൈവജനത്തെ തീക്ഷ്ണതയോടെ ആത്മാവിൽ ജ്വലിക്കുന്നവരായി മാറ്റുവാൻ ഇവരെ അനുഗ്രഹിക്കണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

2. സ്നേഹം തന്നെയായ ദൈവമേ, അങ്ങെ തിരുക്കുമാരൻ നൽകിയ ക്ഷമയുടെ പാഠം ഞങ്ങളുടെ ജീവിതത്തിൽ പ്രാവർത്തികമാക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമെ. ഞങ്ങളെ വെറുക്കുന്നവരോടും, ഞങ്ങൾക്കെതിരെ പ്രവർത്തിക്കുന്നവരോടും ആത്മാർത്ഥമായി ക്ഷമിക്കുവാനും, മുൻവിധി കൂടാതെ എല്ലാവരെയും ഒരുപോലെ സ്നേഹിക്കുവാനുമുള്ള ഹൃദയവിശാലത ഞങ്ങൾക്ക് നൽകണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

3. സമാധാന ദാതാവായ ദൈവമേ, സമാധാനമില്ലാതെ, അശാന്തിയിലും അനൈക്യത്തിലും ജീവിക്കുന്ന എല്ലാ കുടുംബങ്ങളിലും, വ്യക്തികളിലും, സമൂഹങ്ങളിലും അങ്ങെ കാരുണ്യം വർഷിക്കുവാൻ കനിവുണ്ടാകണമെ. അതുവഴി ഓരോ വ്യക്തിയും അവരവരുടെ കടമകളെപ്പറ്റി ബോധവാന്മാരായി തീരുവാനും, തങ്ങളുടെ ഉത്തരവാദിത്വങ്ങൾ നിറവേറ്റി ശാന്തിയിലും, സമാധാനത്തിലും, ഐക്യത്തിലും ജീവിക്കുവാനും ഇടയാക്കണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

4. സർവ്വാധിപനായ ദൈവമേ, എല്ലാ യുവജനങ്ങളെയും അങ്ങെ കരതാരിൽ സമർപ്പിക്കുന്നു. ഈ ലോകം ഒരുക്കുന്ന ചതിക്കുഴികളിൽ വീഴാതെ, തങ്ങളുടെ കഴിവും സമയവും ഫലപ്രദമായി വിനിയോഗിക്കുവാനും ഇവരെ അനുഗ്രഹിക്കണമെ. അങ്ങെ ഹിതമനുസരിച്ച് തങ്ങളുടെ ജീവിതാന്തസ്സ് തെരഞ്ഞെടുക്കുവാനും, തെരഞ്ഞെടുത്തവർക്ക് അതിൽ നിലനിൽക്കുവാനുമുള്ള വരമേകണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

5. ജീവനും പുനരുത്ഥാനവുമായ ദൈവമേ, നിത്യാനന്ദത്തിന്റെ സമ്മാനത്തിനായി വിളിക്കപ്പെട്ട ഞങ്ങളുടെ പ്രിയപ്പെട്ടവരുടെയും, പ്രാർത്ഥിക്കുവാൻ ആരുമില്ലാതെ ശുദ്ധീകരണസ്ഥലത്തായിരിക്കുന്ന ആത്മാക്കളുടെയും മേൽ കരുണ തോന്നണമെ. ഈ ലോകവാസത്തിനിടയിൽ വന്നുപോയ എല്ലാ വീഴ്ചകൾക്കും മാപ്പു നൽകി, സ്വർഗ്ഗസൗഭാഗ്യത്തിന് ഇവരെ അർഹരാക്കണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**കാർമ്മികൻ** : പിതാവേ, ഞങ്ങളുടെ സഹോദരങ്ങളോട് ഹൃദയപൂർവ്വം ക്ഷമിക്കാനും, അവർക്കുവേണ്ടി ആത്മാർത്ഥമായി പ്രാർത്ഥിക്കുവാനും കഴിയുന്ന നല്ല ഹൃദയത്തിനുടമകളാക്കി ഞങ്ങളെ മാറ്റണമെ.

ഞങ്ങളുടെ കർത്താവായ ........

ഗാനങ്ങൾ തെരഞ്ഞെടുത്തത്: സി. ഹെലീന ആൽബി A. S. A.

## പ്രവേശന ഗാനം

അൾത്താര തൻ തണലിൽ വാഴുവാൻ
അനുതാപമോടെ അണയാം (2)
ഒരു മനമോടെ നിറ ദീപവുമായ്
തിരുപാദം തേടി അണയാം (2)
ഈ അൾത്താര മേശയിൽ
വരുവിൻ ബലിയേകിടാം
വരുവിൻ സ്തുതി പാടിടാം (2)

കൽവരി യാഗത്തിൻ പുണ്യ ഓർമ്മയിത്
പാരിന്റെ നാഥൻ തൻ സ്നേഹയാഗമിത് (2)
സങ്കീർത്തനം സ്തുതിഗീതമായ്
വരമൊഴി ചൊരിയുമിത്
പങ്കുചേരാം... ഒന്നുചേരാം... (അൾത്താര.......)

## കാഴ്ചവയ്പ് ഗാനം

തളികയിൽ കാഴ്ചയായ്
ബലിയുണർത്തുമാത്മനാഥ സ്നേഹവേദിയിൽ
വരികയായ് തിരികളായ്
നിന്റെ യാഗദീപമായ് എരിഞ്ഞലിഞ്ഞിടാൻ
ദൈവമേ നിന്നിലെന്നെ ചേർത്തിടാം
ദിവ്യമാം കാഴ്ചയായ് സ്വീകരിക്കണെ (2)

അനുപമ ബലിയായ് പ്രിയകര ബലിയായ്
സർവ്വവും കാഴ്ചവച്ചിടാം (2)

മധുരമാം തേൻ നിറഞ്ഞ മലരു പോൽ
കൃപ നിറഞ്ഞ പാവനാത്മ നിറവു നൽകി നീ (2)
മനുജനെ സ്നേഹദാന ഭാഗ്യമേകി നീ
എന്നെയും വീണ്ടെടുത്തു നീ (2) (അനുപമ........)

## ദിവ്യകാരുണ്യ ഗാനം


ദിവ്യകാരുണ്യമിതാ ദിവ്യമാം ഭോജ്യമിതാ (2)
ദൈവകാരുണ്യം ഭോജനമായി
പാപിയാമെന്നെ തേടിയിറങ്ങി
ഹൃത്തിൽ വാഴും നേരമിതാ (ദിവ്യകാരുണ്യ.....)

പാദം കഴുകുന്ന കാരുണ്യമേ
പാവന സ്നേഹത്തിൻ കൂദാശയെ
ഓസ്തിയായെൻ നാവിലലിയൂ
ഹൃത്തിലെന്നും വാണിടൂ

നിത്യം വാഴുന്നു സക്രാരിയിൽ
സ്നേഹ ബന്ധിതനായ്
കൂടെ വസിക്കാൻ കുർബ്ബാനയായ്
നാവിലലിയുന്നു ഓസ്തിയായ്..
സ്നേഹമായ് സ്പർശനം
ആത്മാവിൻ സാന്ത്വനം നിനവിൽ
നീ വരും നേരം ആത്മഹർഷം
ഓ ദിവ്യനാഥാ സക്രാരിയായ് ഞാൻ
മാറിടാമെന്നും.... ഉള്ളിൽ നീ വരണേ.... (പാദം......)

സ്നേഹവിരുന്നിൻ മേശയിൽ
അപ്പമായ് മുറിയാൻ
ജീവനേകുന്ന മന്നയായ്
പ്രാണനിൽ അലിയുന്നു നീ
എനിക്കായ് സഹിച്ചു....
മരിച്ചുയർത്തവനെ.... നിനക്കായ്
ജീവിതം തരുന്നിതാ നാഥാ...
ഓരോ നിമിഷവും മറ്റൊരു നീയായ്
മാറിടാനെന്നും.... ശക്തി നൽകണമെ....
(ദിവ്യകാരുണ്യ.....)

| Sep. | വിശുദ്ധർ | വായനകൾ |
|---|---|---|
| 18 Mon | St. Joseph of Cupertino | 1 Tm 2: 1-8/ Ps 28: 2. 7. 8-9/ Lk 7: 1-10 |
| 19 Tue | St. Januarius | 1 Tm 3: 1-13/ Ps 101: 1-2ab. 2cd-3ab. 5. 6/ Lk 7: 11-17 |
| 20 Wed | St. Andrew Kim Taegon | 1 Tm 3: 14-16/ Ps 111: 1-2. 3-4. 5-6/ Lk 7: 31-35 |
| 21 Thu | St. Matthew | Eph 4: 1-7. 11-13/ Ps 19: 2-3. 4-5/ Mt 9: 9-13 |
| 22 Fri | St. Thomas of Villanueva | 1 Tm 6: 2c-12/ Ps 49: 6-7. 8-10. 17-18. 19-20/ Lk 8: 1-3 |
| 23 Sat | St. Padre Pio | 1 Tm 6: 13-16/ Ps 100: 2. 3. 4. 5/ Lk 8: 4-15 |



Sunday
**വെർബും ദോമിനിയുടെ**
**പ്രസിദ്ധീകരണത്തിന് താങ്കളുടെ സഹായം താഴെക്കാണുന്ന അക്കൗണ്ടിലേക്ക് അയക്കൂ**

**Radio Maria Association**
A/c No. 10640200019090
IFSC FDRL0001064
Federal Bank, Aroor

Published by Fr. Rafi Kootumkal for Media Commission, Diocese of Cochin. For Private Circulation only.